# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 14/06/2013 ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ **1486**

## എഴുതിത്തള്ളിയ കാർഷിക കടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. ബേബി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക വായ്പയെടുത്ത കർഷകർ മരണപ്പെട്ടാൽ ഒരു ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ പ്രഖ്യാപിച്ചിരുന്നുവോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;<br><br>**(ബി)** ഈ പ്രഖ്യാപനം അനുസരിച്ച് മരണപ്പെട്ട എത്ര കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളി എന്നറിയിക്കാമോ;<br><br>**(സി)** ഇതു പ്രകാരം എത്ര രൂപയുടെ കാർഷിക കടങ്ങൾ ഇതുവരെ എഴുതിത്തള്ളിയെന്നറിയിക്കാമോ? | **(എ) (ബി) (സി)** വായ്പയെടുത്ത കുടുംബനാഥൻ മരണപ്പെടുകയോ നിത്യരോഗങ്ങൾ, അപകടങ്ങൾ എന്നിവമൂലം കിടപ്പിലായി കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ വരികയോ ചെയ്താൽ വായ്പ എഴുതിത്തള്ളുന്നതിനായി റിസ്ക് ഇൻഷ്വറൻസ് പദ്ധതി റിപ്പബ്ലീകരിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്തശേഷം മരിച്ചവരുടെ പേരിൽ നിലനിൽക്കുന്ന ബാധ്യത തുക എഴുതിത്തള്ളുന്നതിനായി 01/04/2008 മുതൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്. മാരകരോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പാ ബാധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽത്തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനും ഈ പദ്ധതിയിൽ 30/03/2012 മുതൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 6,586 പേർക്ക് 45.18 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ